പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2087 **26-10-2026-ൽ മറുപടിയ്ക്ക്**

സപ്ലൈക്കോയിലെ ദിവസവേതനജീവനക്കാരുടെ വേതന വർദ്ധനവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സപ്ലൈകോയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ നൽകുന്ന പ്രതിദിന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സപ്ലൈകോയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യ വരുന്ന ജീവനക്കാരുടെ പ്രതിദിന വേതനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. കൂടാതെ, സപ്ലൈകോയിലെ ഔട്ട്ലെറ്റുകളിലെ പാക്കിംഗ് ജീവനക്കാർക്ക്, പാക്കറ്റ് ഒന്നിന് 1.73 രൂപ നിരക്കിലും, NFSA സ്വീപ്പർമാർക്ക് പ്രതിമാസ വേതനം 7350/- രൂപ നിരക്കിലും നൽകി വരുന്നു.

(ബി) ഈ ദിവസവേതന തുകയിൽ നിന്ന് തന്നെയാണ് ജീവനക്കാരുടെ വിഹിതമായ പി.എഫ്, ഇ.എസ്.ഐ തുടങ്ങിയവ പിടിക്കുന്നത് എന്നത് ശരിയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുശേഷമുള്ള അറ്റവേതനം (നെറ്റ് പേ) എത്രയെന്ന് വെളിപ്പെടുത്താമോ;

മറുപടി: അതെ. ആകെ വേതനത്തിന്റെ 12% ജീവനക്കാരുടെ ഇപിഎഫ് വിഹിതമായും, 0.75% ജീവനക്കാരുടെ ഇഎസ്ഐ വിഹിതമായും അടവാക്കിയ ശേഷമുള്ള തുകയാണ് അറ്റ വേതനമായി ജീവക്കാർക്ക് നൽകി വരുന്നത്. കൂടാതെ തൊഴിലുടമയുടെ 12% ഇപിഎഫ് വിഹിതവും 3.25% തൊഴിലുടമയുടെ ഇഎസ്ഐ വിഹിതവും അടവ് വരുത്തുന്നുണ്ട്. അറ്റ വേതനം (നെറ്റ് പേ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.

(സി) ജീവനക്കാരുടെ ജീവിതച്ചെലവ് കണക്കിലെടുത്ത് ദിവസവേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ഉണ്ട്. സപ്ലൈക്കോയിലെ ഡിസ്പ്ലെ അസിസ്റ്റന്റ്, പെട്രോൾ പമ്പ് ജീവനക്കാർ, NFSA സ്വീപ്പർമാർ, പാക്കിംഗ് തൊഴിലാളികൾ എന്നിവർക്ക് 17.10.2025 ലെ സ.ഉ. (സാധാ) നം. 345/2025/F&CS പ്രകാരവും, മറ്റ് ജീവനക്കാർക്ക് 18.02.2026-ലെ സ.ഉ. (പി) നം. 24/2026/ധന പ്രകാരവും വേതന വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

ക്രമ നം.	വിഭാഗം	ദിവസ വേതന നിരക്ക്
1	ടൈപ്പിസ്റ്റ്	840
2	ഓഫീസ് അറ്റൻഡന്റ്	750
3	ഡ്രൈവർ കം ഒ.എ.	810
4	ഡാറ്റ എൻട്രി ഓപ്പറേറ്റർ	840
5	കുക്ക്/മെസ്സ് ബോയ് / കിച്ചൻ ഹെൽപ്പർ	750
6	ഡിസ്പ്ലെ അസിസ്റ്റന്റ്	603
7	പെട്രോൾ പമ്പ് ജീവനക്കാർ	682